As far as I know and it has been given expression to by the Hon'ble Member for Vadakkancheri, that when metres are asked for it is given by the Municipality as a matter of course.

If so, I don't know what special purpose will be served by burying 50 or 60 rupees under the earth. What is the objection in giving free allowance for each house separately, even if there is only one common metre? The only thing that you gain is that you help in giving some money to foreign companies by way of the cost of metres.

I am not going to attach any importance to the assurance given by the Hon'ble Member for Vadakkancheri. He is not authorised to do it. Resolutions have been withdrawn on the assurance given by the Government. But I am not going to withdraw my resolution on the assurance given by the Hon'ble Member for Vadakkancheri. I request the House to accept the resolution, as it is only reasonable that the Municipality should accede to this modest request. I press the motion.

Resolution put and negatived.

4. Recruitment of Nayars and Christians to Police force.

Mr. K. Ayyappan.—*This Council recommends to the Government to make it a rule not to recruit for five years any more Nayars and Christians to the Police force:*—

സർ, പോലീസ് കമ്മീഷണർ ഫ ഫ ഠ ന-ൽ ഒ്ന നിയമനങ്ങളം നടത്തിയതിൽ ന ഫ -ം നായന്മാക്കാണ് കിട്ടിയിട്ടുള്ളത്. ഫ ഫ ഠ ൈ-ൽ ഥ നിയമനങ്ങളിൽ ൈ-ം നായന്മാക്കാണ്. ഈ കഴിഞ്ഞ കുംഭത്തിൽ കാൺസ്റ്റബിൾമാരെ തിരഞ്ഞെടുത്തതിൽ ഛ ന പേരിൽ ഫ ഠ പേരും നായന്മാരാണ്. ഇതു കൊണ്ടു എന്റെ നിശ്ചയത്തിനു പ്രസംഗമൊന്നുമാവശ്യമുണ്ടെന്നു തോന്നുന്നില്ല. നിശ്ചയത്തിൽ ക്രസ്ത്യാനികളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവരെ കൂടി ഉൾപ്പെടുത്തിയതെന്തിനാണെന്നു ചോദിക്കാം. മിസ്റ്റർ നീലകണ്ഠമേനോൻ മാത്രമല്ല, ഇവിടെ സാധാരണമിക്ക ഉദ്യോഗസ്ഥന്മാരും നടത്തുന്ന നിയമനങ്ങളിൽ സ്വജാതി പക്ഷപാതം കാണുന്നുണ്ട്. മിസ്റ്റർ ചാക്കൊ കമ്മീഷണരായിരുന്നകാലത്തു് അദ്ദേഹവും ഇതുപോലെ ചെയ്തിരുന്നിരിക്കാം. അദ്ദേഹം അതു ചെയ്തിട്ടില്ലെന്നു പറകയാണെങ്കിൽ ഞാൻ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തുകൊള്ളാം. നായന്മാർക്കും ക്രസ്ത്യാനികൾക്കും അഞ്ചു കൊല്ലത്തേക്കു കൊടുക്കരുതു് എന്നു പറയുന്നതു മറവുള്ളവർക്കു് ഇനിയെങ്കിലും വല്ലതും കിട്ടട്ടെ എന്നുവച്ചിട്ടു് മാത്രമാണ്. ഒ ന-ൽ ന ഫ -ം സ്വജാതിക്കാർ. ഇങ്ങിനെ നിയമനം നടത്തുന്നവരാണു് ഈ നാട്ടിൽ കമ്മ്യൂണലിസം

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുക്കൂട്ടുന്നതു്. നിയമനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരെല്ലാം സമുദായ പക്ഷപാതം കളഞ്ഞു നിഷ്പക്ഷപാതമായി പെരുമാറിയാൽ കമ്മ്യണലിസം ഇവിടെ ഉണ്ടാകയില്ല. എല്ലാവകുപ്പിലും എല്ലാജാതിക്കാർക്കും കഴിയുന്നതും പ്രാതിനിധ്യം വേണം. പോലീസിൽ പ്രത്യേകിച്ചും അതു ആവശ്യമാണു്. പോലീസ് ഒരു ജാതിക്കാരുടെ മാത്രമാകുന്നതു് ഒരു നാട്ടിനു് ആപത്തുണ്ടു്. ഒരു പൂലയനെ അടിച്ച സംഗതിയെപ്പറ്റി ഇവിടെ പറഞ്ഞില്ലെ. മനഃപൂർവ്വമായി ഉപദ്രവിച്ചില്ലെന്നും മറ്റുമാണു് കമ്മീഷണർ പറഞ്ഞതു്. മനഃപൂർവ്വമല്ലാതെ ഉപദ്രവിക്കുന്നതു എങ്ങിനെയാണു്. വാസ്തവത്തിൽ അടിനടന്നതാണു്. എങ്കിലും പുലയനായതുകൊണ്ടു് അടിച്ച ആൾക്കു ഒരു തരക്കേടും നേരിട്ടില്ല. ഭിന്നജാതികളുള്ളുരാജ്യങ്ങളിൽ സമുദായ പ്രാതിനിധ്യവും ആവശ്യമാണു്. അതിനു പ്രസംഗം ആവശ്യമില്ല.

The House rose for lunch at 2 p. m. and met again at 3 p. m. with the Deputy President in the Chair.

Deputy President.—We shall continue Mr. Ayyappan's resolution.

മിസ്റ്റർ. കെ. അയ്യപ്പൻ.—ഞാൻ മുമ്പു് പറഞ്ഞ ഉദ്യോഗാരണങ്ങൾക്കു ഓരോ മുടന്തൻ സമാധാനങ്ങൾ പറയാൻ ഗവൺമെൻറ് മെമ്പർക്കുണ്ടാകാതിരിക്കയില്ലെന്നു എനിക്കറിയാം. അപേക്ഷകൾ ഉണ്ടായിരുന്നില്ല, ഉള്ള അപേക്ഷകളുടെ പെർസെൻറേജു നോക്കി നിയമനങ്ങൾ നടത്തി, ആക്ടിങ്ങ്കാരെ നിയമിക്കാനുണ്ടായിരുന്നു ഇങ്ങിനെ ഓരോ സമാധാനങ്ങൾ പറയാനുണ്ടാകും. ഇതിലൊക്കെ പല സൂത്രങ്ങളും ഉണ്ടായിരിക്കും. അപേക്ഷകൾ രജിസ്റ്ററാക്കി അയച്ചില്ലെങ്കിൽ ഫയലിൽ പെടാതാക്കാൻ പാടില്ലാത്തതല്ല, അങ്ങിനെ വന്നാൽ അയച്ചു എന്നു എങ്ങിനെ തെളിയിയ്യും. ആക്ടിങ്ങ് ഹാൻസു് ഉള്ളപ്പോൾ പുതുതായി നിയമനങ്ങൾ നടക്കാതിരിക്കുന്നില്ല. പത്തു കൊല്ലത്തെ സർവ്വീസുള്ള ഒരു ഗ്രാഡുവേറ്റ് ഹെഡ് കാൺസ്റ്റബിളായി ഇപ്പോഴും ഇരിക്കുന്നുണ്ടു്. അയാളിൽ പിന്നെ വന്നവർ ഇൻസ്പെക്ടർമാരായിട്ടുണ്ടു്. അയാൾ ഒരു നായരുമാണു്. കേവലം ജാതി പക്ഷപാതം മാത്രമല്ല മറ്റു പക്ഷപാതങ്ങളും നടക്കുന്നുണ്ടെന്നു കാണിക്കാനാണു് ഞാൻ ഇതു പറയുന്നതു്. ഇതെല്ലാം കമ്മീഷണരുടെ തരക്കേടുകൊണ്ടായിരിക്കണമെന്നില്ല. കമ്മീഷണർ കമ്മീഷണരുടെ സ്ഥാനത്തല്ലെങ്കിൽ നല്ല മനുഷ്യനാണു്. വളരെ നല്ല മനുഷ്യനാണു്. അദ്ദേഹത്തെപ്പോലെ മാട്ടുവമുള്ള ഒരു ശീലക്കാരൻ കമ്മീഷണറായതിലാണു് തരക്കേടു്. ആഫീസിലെ ചരടു വലികൾക്കു അദ്ദേഹം ചിലപ്പോൾ വിധേയനായിപ്പോകാം. അദ്ദേഹം കുറെ കൂടി നിഷ്കർഷയോടു കൂടിയിരുന്നാൽ പരാതി വളരെ ഇല്ലാതാകാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയുണ്ട്. ഇപ്പോൾ ഇത്രമാത്രമെ പറയുന്നുള്ളൂ, ഇനി മറുപടി കേട്ടിട്ടു പറയാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഞാൻ ഈ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി അനുകൂലിച്ചുകൊള്ളുന്നു. ഇതിന്റെ ആവശ്യകതയെ അവതാരകൻ തന്നെ ധാരാളം വെളിപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഞാൻ ഈ വിഷയത്തെ സമർത്ഥിച്ചു ദീർഘമായ ഒരു പ്രസംഗം ചെയ്യേണ്ടതില്ല. ഈ പ്രമേയം സ്വീകരിച്ചു പാസാക്കേണ്ടതു വളരെ അത്യാവശ്യമായിട്ടുള്ളതാണ്. കുന്നുകളും നായന്മാരും ഇവിടത്തെ ഉദ്യോഗമണ്ഡലങ്ങളിൽ വളരെ ഉയർന്ന പദവികൾ പിടിച്ചു കഴിഞ്ഞിട്ടുണ്ട്. കുറെ പോലീസുകാർ അവരിൽ കുറഞ്ഞുപോയതുകൊണ്ട് ആ സമുദായങ്ങൾ ഇപ്പോഴത്തെ നിലയിൽ നിന്നും പാതാളത്തിലേക്കു വീണുപോകുകയില്ല. ഈ നിശ്ചയം ഇവിടെ പാസായി കഴിഞ്ഞാൽ ജനപ്രതിനിധിയും പാർലിമെന്റുള്ള ഈ സഭയുടെ ഉത്തരവാദിത്വത്തോടും മഹാമനസ്കതയോടും യോജിച്ചു ഗവർമ്മെണ്ടും ഈ സംഗതിയിൽ പ്രവർത്തിച്ചു എന്നു പൊതുജനങ്ങൾക്കു ചരക്കെ ബോദ്ധ്യമാകാൻ ഇടവരും. അതു നിങ്ങളുടെ ദൃഷ്ടിയിൽ പെടുത്തുവാനാണ് ഞാൻ സംസാരിക്കുന്നതു്. പോലീസ് സൈന്യത്തിലെ കേവലം താഴ്ന്ന ഇനത്തിലുള്ള പോലീസുകാരുടെ ഒരു ഒറ്റ സംഗതിക്കു വേണ്ടി മാത്രമാണ് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്നു് ഓർക്കുമെല്ലോ. ഈ നിസ്സാരമായ കാര്യം ചെയ്യുന്നതിനുള്ള മഹാമനസ്കത നിങ്ങൾക്കുണ്ടാകണമെന്നും വീണ്ടും സവിനയം അപേക്ഷിച്ചുകൊള്ളുന്നു. ഈ വകുപ്പധ്യക്ഷനും മനുഷ്യനായതുകൊണ്ടു രാമക്കെല്ലാം ഉണ്ടായേക്കാവുന്ന ചില വീഴ്ചകൾ അദ്ദേഹത്തിനും വരുമെന്നല്ലാതെ ക്രമത്തിലധികം ഒരു Communalist-കാരനാണദ്ദേഹമെന്നു വിചാരിപ്പാൻ മാർഗ്ഗം കാണുന്നില്ല. അതുകൊണ്ട് അദ്ദേഹവും മഹാമനസ്കതയോടുകൂടി ഈ പ്രമേയത്തിന്റെ ആശയകതയെ നല്ലപോലെ ആലോചിച്ചു് ഇതിനെ സഫലീകരിക്കണമെന്നപേക്ഷിക്കുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—സർ, ഈ നിശ്ചയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു. ഈ മദ്ദനം ഏല്ക്കുന്ന സമുദായക്കാർ അധികവും പിന്നോക്കം നില്ക്കുന്നവരാണ്. ഇന്നു പോലീസ് വകുപ്പിൽ കാൺസ്റ്റബിൾമാരായിട്ടുള്ളവർ അധികവും നായർ സമുദായത്തിലും കുന്നിൻ സമുദായത്തിലും പെട്ടവരാണ്. പോലീസിൽ ഉദ്യോഗം കിട്ടിയതുകൊണ്ടു വലിയ കാര്യമൊന്നും ഒരു സമുദായത്തിനും വരുവാനില്ലെങ്കിലും പ്രത്യേകിച്ചു ചില കാര്യങ്ങളുള്ളതായിട്ട് എനിക്കു് അനുഭവപ്പെട്ടിട്ടുണ്ട്. (ചിരി). ഒരധികൃതനേയോ വേറെ വല്ല സാധുക്കളേയോ വല്ല മുഷ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

ന്മാരും പിടിച്ചു മർദ്ദിച്ചാൽ സാധുക്കളായ അവരെ രക്ഷിപ്പാനോ വല്ല പരിഹാരവും ചെയ്യാനോ—

ഡപ്യൂട്ടി പ്രസിഡണ്ട്.—ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം പോലീസിൽ നായന്മാരേയും ക്രസ്ത്യാനികളേയും അടുപ്പു കൊല്ലത്തേക്കു വയ്ക്കരുതു് എന്നാണു്. മർദ്ദിക്കുന്നതിനെപ്പറ്റി ഒന്നും ഇതിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് അതു പറയേണ്ടതായ ആവശ്യമില്ല. ഈ വിഷയത്തെപ്പറ്റി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു പറവാനാണു് പോകുന്നതു്. പക്ഷെ സാധുക്കളെ ഇങ്ങനെ മർദ്ദിച്ചു അവർ കേസു കൊടുത്താൽ അന്വേഷണത്തിനു വരുന്നവർമുൻ പറഞ്ഞ സമുദായത്തിൽ പെട്ടവരാണു്. അവർ പറയുന്നതു് 'അവന്റെ മുഷ്ക്കുകൊണ്ടാണു് തല്ലുകൊള്ളുവാനിടയായതെന്നായിരിക്കും.' മർദ്ദിച്ചയാൾ നായർ സമുദായത്തിൽപെട്ട ആളാണെങ്കിൽ അന്വേഷണത്തിനു വരുന്നവരും അവരുടെ പക്ഷം പിടിച്ചുകൊണ്ടു സാധുക്കളെ ഉപദ്രവിക്കുന്ന സമ്പ്രദായമാണു് ഇവിടെ സാധാരണയായി കണ്ടുവരുന്നതു്. കഴിഞ്ഞതിനു മുമ്പിലത്തെ കൊല്ലം നടന്ന ഒരു സംഗതി പറയാം. മുളവുകാട്ടു് അധ്യാപകരുടെ ഭജനമഠത്തിൽ ഒരു ചെറിയ ഉത്സവമുണ്ടായിരുന്നു. ആ അവസരത്തിൽ ഒരു സ്കൂളിന്റെ മുൻവശത്തുകൂടി പോകാൻ പാടില്ലെന്നു നിർബ്ബന്ധം വന്നപ്പോൾ സമാധാനപരിപാലനത്തിനു് ഗവർമ്മെണ്ടിനെ അറിയിച്ചിരുന്നു. അതിനു ചില കാൺസ്റ്റബിൾമാരും വന്നിരുന്നു. അവരിൽ അധികംപേരും ക്രസ്ത്യാനികളായിരുന്നു. അവരും മറ്റവരുടെ side ചേർന്നുകൊണ്ടു അതു തടയുവാനുള്ള ഉത്സാഹങ്ങൾ ചെയ്തതായി എനിക്കു പൂർണ്ണമായിട്ടു് അറിവുണ്ടു് എന്നാൽ അന്നുവന്ന കാൺസ്റ്റബിൾ തന്നെ അടുത്ത അവസരത്തിൽ ഭജനമഠത്തിൽ നടന്ന ഉത്സവത്തിനു വന്നപ്പോൾ ആ സമുദായത്തിൽ പെട്ട ഒരാളുടെ ഉപദേശപ്രകാരം ഒരു സാധുഅധ്യാപകനെ പിടിച്ചു തല്ലി. അതിനെപ്പറ്റി ഞാൻ തന്നെ ഒരു ചോദ്യം ചോദിച്ചിരുന്നതിനു് തല്ലിയില്ല പിടിച്ചു മാറ്റിയേയുള്ളു എന്നെല്ലാം മറുപടി പറഞ്ഞിട്ടുണ്ടു്. ഇങ്ങിനെയുള്ള അന്യായ ഉപദ്രവങ്ങൾ നടക്കുന്നുണ്ടു്. അതുകൊണ്ടു് അധ്യാപകരിൽ പെട്ട ചില ആളുകളെ പോലീസ് വകുപ്പിലേക്കു എടുത്താൽ ഈ മാതിരി ഉപദ്രവങ്ങൾ അധികം നടപ്പാനിടയില്ല. ഈ വക കാര്യങ്ങളിൽ അധ്യാപകരിൽ പെട്ട പോലീസുകാർ അവർക്കു സഹായമായിരിക്കും, എന്നാൽ അവർ മറ്റുള്ളവർക്കു വിരോധം ചെയ്യുമെന്നല്ല ഞാൻ പറയുന്നതു്. ഈ വക കാര്യങ്ങളിൽ ഇങ്ങിനെ ഒരു ന്യായരഹിതമായ report ചെയ്യാൻ മറ്റോ കക്ഷികൾ തീരുമാനിച്ചാൽ തന്നെയും ഇവർ അതിനു സമ്മതിക്കുകയില്ല. ഇ

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ അധികൃതക്കുള്ള ചില അവശതകളും കുറയുവാനും ഇടയുണ്ട്. അതുകൊണ്ടു ഈ കാര്യത്തിൽ ഗവണ്മെണ്ടു മനസ്സുവച്ചു് ഇന്നായ്മയും പാസാക്കുന്ന പക്ഷം അധികൃതക്കു മദ്ധ്യത്തിൽ നിന്നും രക്ഷ കിട്ടുമെന്നുമാത്രമല്ല; അധികൃതരുടെ ഉന്നമനത്തിനും കൂടി ഇതൊരു മാർഗ്ഗമായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

Mr. M. A. Chakko.—On a point of information. I would like to know the percentage of Nayars and Christians now in service.

Mr. P. Nilakanta Menon.—A large percentage. I cannot say exactly.

Mr. M. A. Chakko.—I want to know exactly the percentage under each—Nayar, Christian, etc.

Mr. P. Nilakanta Menon.—I have not got the figures.

Mr. M. A. Chakko.— Sir, I rise to oppose this motion. I cannot do it except on general grounds. The mover of the resolution has not brought before the House the present strength of the constabulary force. I mean, we do not know the total existing number of the policemen—how many are Nayars, how many are Christians and how many are Ezhuvas and so forth. Everybody believes or some persons believe that there is a large number of Nayars and a pretty large number of Christians and fewer number of Ezhuvas. On this indefinite data it would be very dangerous to say that certain communities must be kept out of the field of enlistment for the next five years. It is dangerous because it is built on surmises only. It would have been better if the Hon'ble Member had elicited by interpellations how many Nayars, how many Christians and other castes of policemen exist in the present Police Force. I am one for communal representation, I do not oppose that plan of recruiting to public service because it is not after all very dangerous. But before we proceed to build anything upon the principle of communal representation we must be very clear and definite about the percentage each community has obtained in the loaves and fishes of the office. In the present case, when we speak of communal representation we must know first of all what is the percentage of each community in the whole population of the State. If in the population of the State, when we compare by percentages, the Christians constitute by ¼ of the whole population, I think every Christian young man will have the claim to be enlisted in the Police force up to the number of ¼ of the whole Police force. When that ¼ has been completely filled of course he has no claim; but he has to wait until any other community which has not reached that minimum or maximum of percentage gets its share. Now look-

LIBRARY ARCHIVES Kerala Legislative Assembly

ing at the present existing Police force I do not think that the number of Christians in the Police force has come to anything about ¼. If they have come to that ¼, it will be, according to the request of the present mover of the resolution, ground for excluding Christians from enlistment for the next five years. If they have not come to that level, of course the mover should make himself prepared to give the Christians the number which they still have to make in the list. I do not think that the Ezhuvas have come to anything like 10 per cent or 20 per cent or anything like the percentage to which they are entitled to. But to get the percentage they are entitled to, there is no justification in asking a brother community member to stand behind till he gets to the level of the community which has got the lions share of it. In pressing the motion for the acceptance of this House, it would have been better for the mover of the resolution or at least the Government Member to convince this House that Christians must be excluded from enlistment for the next five years on such and such definite clear grounds. It is dangerous to put a proposition for the acceptance of this House on surmises alone. Now since the Hon'ble mover of the resolution has made some reference to what has been done years ago, I have to advert to that in passing. I am not here to defend or support what I have done or to explain what I have not done in my time. May I draw the attention of the Hon'ble House as well as the mover of this resolution that times are changing? Within the last 12 years, since I left the Department, I think the Ezhuva community has made rapid strides.

Mr. K. M. Ibrahim.— There are other communities. There are Pulayas.

Mr. M. A. Chakko.—I referred to only one community. I come to the other communities later on. Other communities are striving to come forward but they are not making much progress. I may say that the Ezhuva community has made very rapid strides in the last eighth of a century. If we apply the present day facts to the conditions that were 12 years ago it will not conduce to a correct estimation or appreciation of the actions and inactions or omissions of things done in those days. In that connection, I have to observe that those were times of plenty—the years 1095 and 1096. Those were days of plenty. The pay of the constabulary then was not very attractive either. An average sturdy honest working man was able to earn much more by manual labour than a Constable could eke out by serving in the Police force at the bid of his masters in the Police stations both in the towns and rural parts. So it was not a very attractive thing for an adult man to go and

LIBRARY ARCHIVES Kerala Legislative Assembly

seek service in the Police Department, except when he had the false pride that manual labour is not a dignified work for a human being. Therefore the average Christian and the average Ezhuva and I may say a Pulaya or the Valan did not care in those times to go and earn this pittance of eight, nine, ten or twelve rupees in far distant places, leaving behind his wife and children, when he could earn much more by his honest manual labour, remaining in his own house, in his own environments and surroundings. In those times it was very difficult to get men from the classes other than the Nayars or even Christians to come and enlist themselves for service in the Police Department. We should not apply that to the present day when the coolies find it difficult to get work and the pittance the Police were then getting has been since augmented by at least 10 or 20 per cent on account of the enhancement of pay and about 30 per cent by the reduction of prices of food grains. It will be seen that Police service is somewhat attractive now. To blame the department or the departmental head for not having enlisted depressed classes men or men other than from Christians and Nayars in those days, is simply criticising the Government without understanding the situation then and now. I have to make this observation. If we refrain from enlisting Christians and Nayars for the next five years that will bring about a state of circumstances that after about 15 or 20 years, most of the young men that are enlisted now will be in pukka high places while those who are in the force now would have been retired or weeded out from service. So it will end in a state of circumstance that those who are senior in service after 12 or 15 years will be of the castes and communities other than Christians and Nayars. I don't think that the mover of the resolution requires that the seniority also should go to those communities over and above the equal share in the public service. I should think there are several sides to the question. It will create unanticipated circumstances that will influence the force by resorting to such a drastic rule. I may admit that the Hon'ble Member has a compelling necessity to induce him to bring this drastic resolution for the acceptance of this House. But this House should calmly consider all the circumstances before they give their support to the resolution. It is with the greatest reluctance that I have to oppose this resolution. I accept communal representation or selection on communal lines to the public service. But I must oppose this principle of shutting the door of public service against certain communities for 5 years. On these grounds I oppose the motion.

Mr. A. Sankara Poduval.—I too rise to oppose this motion but upon grounds entirely different from those put forward

LIBRARY ARCHIVES Kerala Legislative Assembly

by the Hon'ble Member for Vellarappalli. In the first place, I still maintain that it is wrong to fill up the services on the basis of communal representation. I have had occasion previously in this Council to express my satisfaction of the general all round improvement in the Police force in recent years.

Mr. Joseph Pettah.—On a point of information. There was an amendment to this resolution.

Deputy President.—It can be taken after this.

Mr. A. Sankara Poduval.—The fact that there is a large percentage of Christians and Nayars is certainly no justification for a resolution of this kind being moved in the House. I want to discourage resolutions based on communal grounds. To-morrow it may be another Member's caprice to move a resolution in regard to the exclusion of some other communities, castes or sub-castes. There may have been lapses among Police officers, among a few of the subordinate officers. But on mature consideration, it seems to me, that the arrogance and insolence of the Police officer, is due more to the vicious traditions of uniform that he puts on, than to the caste or community to which he belongs. I don't think it will make any difference if communities other than Nayars and Christians are very largely taken into service. It depends mostly upon the mentality of the officer, and to a very large extent upon the insolent attitude, assumed by some illiterate people who seem to think that their enlistment in the Police force gives them free licenses to do what they please. Now a resolution of this kind at a time when the morale of the Police force is improving is quite inopportune and I do not see any particular reason why the Police Department should have been singled out for preference being given to non-Nayars and non-Christians.

Deputy President.—Mr. Eachara Menon will move his amendment.

Mr. A. Eachara Menon.—I don't move it.

Hence the following amendment was considered withdrawn.

Mr. A. Eachara Menon.—*For 'Nayars and Christians' substitute of the 'highly represented communities'.*

Mr. P. S. Kesavan Nambudiri.—In opposing this resolution I may not be misunderstood on personal grounds, as I am neither a Nayar nor a Christian. It is all very well for the Hon'ble Member to say that, other things remaining equal, the unrepresented communities should be given preference in the matter of recruitment to the Police force or to any other department. But to say that certain communities should be disqualified for entering the service of the State would seem to be ridiculous and not in consonance with the dignity of this House. So I oppose this resolution.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. എം. കെ. രാമൻ.— ഈ പ്രമേയകർത്താവു പറഞ്ഞിട്ടുള്ള സകല സംഗതികളോടും ഞാൻ യോജിക്കുന്നു. പോലീസ് ഭരണം മുൻകാലങ്ങളേക്കാളും നന്നായി വരുന്നുണ്ടെന്നും അതുകൊണ്ടു ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ലെന്നും ഒരു മെമ്പർ ഇവിടെ പറയുകയുണ്ടായി. ആ കാരണംതന്നെ സംശയഗ്രസ്തമാണ്. ചില കാര്യങ്ങളിൽ നന്നായി വരുന്നുണ്ടെങ്കിലും പലേ കാര്യങ്ങളിലും പല ന്യൂനതകളും ഉണ്ടെന്ന് എല്ലാവർക്കും പരസ്യമായിട്ടറിയാവുന്നതാണ്. ഇങ്ങനെയൊരു പ്രമേയം ഇവിടെ കൊണ്ടുവന്നതിന്റെ ആവശ്യം പ്രമേയകർത്താവു കണക്കുകൊടുത്തുകൊണ്ടുണ്ടാക്കാണിച്ചു. ഇന്ന പേരെ അകെ നിയമിച്ചതിൽ ന്ന നായന്മാരാണ്. ഈഴവൻ ര എണ്ണം. ക്രിസ്ത്യാനി ന്ന. മുസ്ലിം ര. നോക്കുക വ്യത്യാസം. അധികം അപേക്ഷകന്മാർ നായന്മാരായിരുന്നുവെന്നു കമ്മിഷണർ നായവാദം ചെയ്യുമോ എന്തോ! എന്നാൽഇഴവരിൽ നിന്നും വളരെ അധികം പേർ ഉണ്ടായിരുന്നു. അവരോട് അനുഭാവമില്ലാത്ത ഒരു ഉദ്യോഗസ്ഥനായതിന്റെ ഫലമാണ് ഇങ്ങനെ കാണുന്നതു്. മനുഷ്യരെല്ലാവരും മനുഷ്യരാണല്ലൊ. അതിനാൽ ആരേയും കുറച്ചുകാട്ടുവാനില്ല. ഞാൻ ജനിച്ച കുടുംബത്തോടു് എനിക്കു പ്രത്യേകം താല്പര്യമുണ്ടായിരിക്കും, എന്നതുപോലെ എല്ലാവർക്കും അവരുടെ സമുദായത്തെ എന്നുമാത്രമല്ല അടുത്തു പെരുമാറുന്നവരോടും കുറച്ചധികം പ്രതിപത്തിയുണ്ടാകും. ആ വക അല്പതപങ്ങൾക്കു മീതെ വരുവാൻ നിങ്ങളിൽ ചിലർക്കു് വികാസം വന്നിട്ടില്ല. അതുകൊണ്ടാണ് ഈ കൊച്ചി രാജ്യത്തെ ഭരിപ്പാൻതന്നെ വിദേശീയർ വേണമെന്നു പറയുന്നതു്. മനുഷ്യൻ മനുഷ്യന്റെ ചാപല്യം കാണിക്കാതിരിക്കുകയില്ല. എന്നാൽ മനുഷ്യൻ ചാപല്യങ്ങളിൽ നിന്നും വിമുക്തനാകണമെന്നാണ് നാം സംസ്കാരംകൊണ്ടു അറിയേണ്ടതു്. അതു മറന്നിട്ടും ചിലപ്പോൾ ചിലർ പ്രവൃത്തിച്ചേക്കും. പ്രത്യേകിച്ചും ഒരാൾ കുറെ മനസ്സുറപ്പും അഭിപ്രായധീരതയും കുറഞ്ഞ ആളായാൽ കാര്യം തകരാറായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ ഡിപ്പാർട്ട്മെന്റു തലവൻ അദ്ദേഹത്തിന്റെ സ്വന്തം നിലയിലാണെങ്കിൽ ഇതുയും നല്ല ഒരു മനുഷ്യൻ വേറെ ഉണ്ടായിരിക്കുകയില്ല. ഏറ്റവും നല്ല മനുഷ്യനാണ്. വളരെ നല്ല ആളാകയാൽ അദ്ദേഹം കീഴുദ്യോഗസ്ഥന്മാരുടെ കൈശലങ്ങളേയും മറിമായങ്ങളേയും സൂക്ഷിക്കുന്നുണ്ടോ തടയുന്നുണ്ടോ എന്നുള്ള കാര്യമാണ് സംശയം. ഈ ചാതുരി കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരൻ പോലീസ് കമ്മിഷണരാണെന്നു തീർത്തു ഞാൻ പറയുന്നില്ല. എന്നാൽ പോലീസ് ഡിപ്പാർട്ട്മെണ്ടിൽ ഇങ്ങിനെയുള്ള അസമത്വങ്ങൾ നടക്കുന്നുണ്ടെന്നുള്ളതു വളരെ പ്രത്യക്ഷവും

LIBRARY ARCHIVES Kerala Legislative Assembly

തക്കമറ സംഗതിയുമ്മാണ്. ഇതിനു ഒരു പരിഹാരമാർഗ്ഗം ചെയ്യേണ്ടതുമാണ്. ഇങ്ങിനെയൊക്കെയാണെങ്കിലും, പ്രമേയത്തിന്റെ തത്വങ്ങളെ ഞാൻ അനുകൂലിക്കുന്നുണ്ടെങ്കിലും, പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നില്ല. അതിനു് ഒറക്കാരണമേയുള്ളു. പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളം ഇതൊക്കെയാണെങ്കിലും, അതിന്റെ ഭാഷ കുറെ പരുഷമായിട്ടുണ്ടെന്നു് എനിക്കു തോന്നുന്നു. അത്തു് എന്റെ അഭിപ്രായം മാത്രം. എന്താണെന്നുവച്ചാൽ ഈ സഭയിലുള്ള പല മെമ്പർമാരും ഈ രാജ്യത്തെ പ്രധാനപ്പെട്ട രണ്ടു സമുദായങ്ങളിൽ (നായർ, ക്രസ്ത്യാനി) പെട്ടവരാണ്. അവരുടെ feeling നെ, മനസ്സിനെ ബഹുമാനിക്കേണ്ടതുണ്ടു്. ഈ സമുദായത്തിൽപെട്ട ആക്ഷം ഉദ്യോഗം കൊടുപ്പാൻ പാടില്ല എന്നുള്ള നിലയിൽ കൊണ്ടുവന്നിട്ടുള്ള നിശ്ചയം ആ സമുദായങ്ങളോടുള്ള അവജ്ഞ മൂലമുണ്ടായതാണെന്നു തെറ്റിദ്ധരിപ്പാൻ ഇടയുണ്ടു്. ശരിയായി ആലോചിക്കുന്നതാണെങ്കിൽ ഇതിൽ അവജ്ഞയൊന്നുമുണ്ടെന്നു ആലോചിക്കാൻ ഇടയില്ലെങ്കിലും നിശ്ചയത്തിലെ വാചകം പരുഷസ്വരത്തിൽ ആകയാൽ അങ്ങിനെ തോന്നാം. ഈ നിശ്ചയം "ശരിയായ പ്രാതിനിധ്യം കിട്ടാത്തവരെ മാത്രമെ വയ്ക്കാവൂ" എന്നോ മറ്റോ ആയിരിക്കേണ്ടതായിരുന്നു. സ്വരം കുറെ മൃദുവായ രൂപത്തിലാക്കാമായിരുന്നു. പ്രമേയത്തിന്റെ സ്വരൂപത്തിലാണ് എനിക്കു വൈമനസ്യം തോന്നുന്നതു്. ഈവക സംഗതികൾ കുറച്ചുകൂടി അലങ്കാരഭാഷയിൽ പറയേണ്ട ആവശ്യമുണ്ടു്. ഇങ്ങിനെയുള്ള രണ്ടു പ്രബല സമുദായങ്ങൾക്കു ഈ കൊല്ലത്തേക്കു കൊടുക്കുവാൻ പാടില്ലെന്നു നിരോധിച്ചിട്ടുള്ള രൂപത്തിലുള്ള ഒരു നിശ്ചയമായതുകൊണ്ടാണ് എനിക്കു വിരോധം. അതു നമ്മുടെ State-നു തന്നെ കുറച്ചു പോരായ്മയല്ലെ എന്നു സംശയമുണ്ടു്. രൂപവ്യത്യാസം ഉണ്ടെന്നു പറയുമായിരിക്കാം. അതുകൊണ്ടു ഈ രൂപത്തിൽ ഉള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നില്ലെങ്കിലും ഇതിൽ പറഞ്ഞിട്ടുള്ള സംഗതികൾ പച്ച പരമാർത്ഥമാണെന്നു ഞാൻ സമ്മതിക്കുന്നു. ഇപ്പോൾ പ്രാതിനിദ്ധ്യമില്ലാത്തവരും കാൺസ്റ്റിറ്റ്യൂവെന്റുകളായി വരികയാണുങ്കിൽ അവകൂപ്പിന്റെ കൂപ്പായത്തിന്റെ വികൃതികൊണ്ടു വല്ലതുമൊക്കെ അവക്കും തോന്നുമെങ്കിലും, പുലയരായ കാൺസ്റ്റിറ്റ്യൂവെന്റുകൾ പുലയരെ തല്ലുമ്പോൾ അവരുടെ കൈ അല്പം മാർദ്ദവമായി വീഴും. ഇതു സ്വാഭാവികമാണ്. എല്ലാജാതിക്കാർക്കും തുല്യ പ്രാതിനിദ്ധ്യം വരേണ്ടതു ആവശ്യം തന്നെ. അതുകൊണ്ടു നാട്ടിലുള്ള മറ്റു വഴക്കുകളെല്ലാം ഇല്ലാതാകുകയും ചെയ്യും. വളരെ ചതുരന്മാരും വിരുതന്മാരുമായ കീഴ്ജാതിസ്ഥന്മാരാണ് ഇപ്പോഴത്തെ പല ഈ കുഴപ്പങ്ങൾക്കു കാരണക്കാർ എന്നു എനിക്കറിയാം. അവർ അവരുടെ മറിമായങ്ങളും തരിപ്പുകളും കൊണ്ടാണ് ഇതുപോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കായ്ങ്ങളിൽ കമ്മീഷണറെ പറഞ്ഞയക്കുന്നതെന്നും എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടു കീഴുദ്യോഗസ്ഥന്മാരെല്ലാവരും ഹരിശ്ചന്ദ്രന്മാരാണെന്നു പറഞ്ഞു അവരെ കണ്ണടച്ചു വിശ്വസിപ്പാൻ കമ്മീഷണർ ഒരുങ്ങാൻ പാടില്ല. ഈ കായ്ത്തിൽ മേലുദ്യോഗസ്ഥൻ എപ്പോഴും പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ടതാണ്. അതുതന്നെയല്ല; പുതിയരായ ആളുകളെ പോലീസിൽ ചേർക്കുന്ന സമയത്തു പ്രാതിനിധ്യം കുറഞ്ഞിരിക്കുന്നവരുടെ കായ്ത്തിൽ പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ടതുമാണ്. അങ്ങിനെ എല്ലാ സമുദായങ്ങൾക്കും ഏതാണ്ടൊരു തുല്യത വരുത്തിയാൽ മാത്രമെ ഇങ്ങിനെയുള്ള സമുദായ വഴക്കുകൾ കുറയുകയുള്ളൂ. ഈ കാരണങ്ങൾകൊണ്ടു് ഞാൻ ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന തത്വങ്ങളെ അനുകൂലിക്കുന്നു. പ്രമേയത്തിന്റെ രൂപത്തോടു അനുകൂലിക്കുന്നില്ല.

Mr. T. K. Nayar—On a point of information. Has the Public Service Commission anything to do with the recruitment to the Police force?

Rama Varmha Tampuran.—Yes.

മിസ്റ്റർ ടി. കെ. നായർ.—Public Service Commission നെ സംബന്ധിച്ചു് ഈ കഴിഞ്ഞ കൌൺസിലിൽ ഞാൻ ഒരു പ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഉദ്യോഗ നിയമനങ്ങളിൽ ഇതുവരെ നടന്ന മാതിരിയിലുള്ള വഴക്കുകൾ ഈ കൌൺസിലിൽ ഉണ്ടാകുന്നതിനും പത്രങ്ങളിൽ പലേ തരത്തിലും ആക്ഷേപിക്കുന്നതിനും മറ്റും വലിയ കുറവുണ്ടാകും എന്നു പല മാന്യന്മാരും സംസാരിച്ചു കേട്ടപ്പോൾ, ഈ വക സകല വഴക്കുകൾക്കുമുള്ള ഒറ്റ ഔഷധം യൂക്കാലിപ്റ്റസ് ആണ് Public Service Commission എങ്കിൽ അതിനു ഞാൻ സപ്പ് മംഗളങ്ങളും അശംസിച്ചതു് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. അങ്ങിനെയുള്ള ഒരു യൂക്കാലിപ്റ്റസ് വരുമ്പോൾ ഇന്ന ഉദ്യോഗം നായർക്കു കൊടുക്കണ്ടാ, ക്രിസ്ത്യാനിക്കു കൊടുക്കണ്ടാ, എന്നും മറ്റുമുള്ള ഒരു പ്രമേയം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ ഇങ്ങിനെ ഒരു റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശം ന്യൂന പക്ഷക്കാർക്ക് ഉദ്യോഗം കൊടുക്കണം, മറ്റാർക്കും കൊടുക്കരുതു, എന്നാണല്ലൊ. Public Service Commission വന്നാൽ ഏതു ജാതിയാണ് unrepresented എന്നു നോക്കി അവർക്ക് ഉദ്യോഗം കൊടുക്കേണ്ടതു് കമ്മീഷന്റെ ഭാരമല്ലേ? അല്ലാതെ തന്നെയും കൊടുത്തിട്ടു മറ്റാർക്കെങ്കിലും ഉദ്യോഗം കൊടുക്കാരുതു എന്നു് ഒരു പ്രമേയം പാസാക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഈ പ്രമേയം പാസായാൽ ഇ കൊല്ലത്തേക്കു നായന്മാർക്കും ക്രിസ്ത്യാനികൾക്കും ഉദ്യോഗം കൊടുക്കരുതെന്നാണല്ലൊ രൂഢം വരാൻ പോകുന്നതു്. ഇപ്പോൾ Public Service Com-

LIBRARY ARCHIVES Kerala Legislative Assembly

mission—ന്റെ നടത്തിപ്പിനുള്ള ചട്ടങ്ങളൊന്നും തയ്യാറാക്കീട്ടില്ലാത്ത സ്ഥിതിക്ക് ഈ പ്രമേയത്തിലെ താല്പര്യം കൂടി അതിൽ അടങ്ങിയിരിക്കണമെന്നാണ് ഈ പ്രമേയ കർത്താവിന്റെ ഉദ്ദേശം. ഇങ്ങനെ ഒരു പ്രമേയം പാസാക്കുകയാണെങ്കിൽ Public Service Commission കൊണ്ടുള്ള ഫല മെന്താണ്? Public Service Commission വന്നു കഴിഞ്ഞാൽ അതാതു സമുദായത്തിലുള്ള ആളുകളുടെ യോഗ്യതയനുസരിച്ച് ആളുകളെ തിരഞ്ഞെടുപ്പാനുള്ള പൊതുക്കും അവക്ക് കൊടുക്കാതെ ഇന്ന ജാതിയിൽ നിന്ന് നിയമിക്കണമെന്ന് നിർബ്ബന്ധിച്ചാൽ പിന്നെ അങ്ങിനെ ഒരു കമ്മീഷൻ കൊണ്ട് വല്ല ഫലവുമുണ്ടാകുമോ? Public Service Commission വേണ്ടെന്നു തന്നെയാണ് അന്നും, ഇന്നും, എന്റെ അഭിപ്രായം. ആ അഭിപ്രായം പ്രായേണ നാങ്ങൾക്ക് ശരിയാണെന്നു ബോദ്ധ്യപ്പെട്ടുമെന്നുള്ള വിശ്വാസത്തോടുകൂടിതന്നെയാണ് അന്നത്തെ പ്രമേയം ഞാൻ പിൻവലിച്ചത്. ഇപ്പോഴതന്നെ അതിന്റെ ആവശ്യമില്ലായ്മയെ പറ്റി ഈ പ്രമേയത്തിന്റെ അവതാരകനു ബോദ്ധ്യം വന്നിരിക്കണം. പോലീസ് കമ്മീഷണരാണ് Communalism നിലനിറുത്തുന്നതെന്ന് ബഹുമാനപ്പെട്ട ഈഴവ മെമ്പർ പറയുകയുണ്ടായി. ഈ സഭ ഉണ്ടായതു മുതല്ക്കും അദ്ദേഹം ഈ കൌൺസിലിൽ വന്നതുമുതല്ക്കും communalism എല്ലാവരേയും ഇടക്കിടെ ഓർമ്മിപ്പിക്കുന്നത് അദ്ദേഹമോ പോലീസ് കമ്മീഷണരോ എന്ന് ഇവിടത്തെ നടപടികൊണ്ടു എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ഉദ്ദേശമുണ്ടാകും. ഈ പ്രമേയം കൊണ്ടുവന്ന അംഗത്തിനും വല്ല പ്രത്യേക ഉദ്ദേശവും ഉണ്ടായിരിക്കാം. എനിക്കു ചുരുക്കിപ്പറവാനുള്ളതു നായന്മാർക്കു പോലീസിൽ ഉദ്യോഗം കൊടുക്കുവാൻ പാടില്ലെന്നു വന്നാൽ വലിയ കഷ്ടമാണ്! കാൺസ്റ്റബിൾ ജോലി, ശിപായി ജോലി, കാപ്പി ക്ലബ്ബിൽ പാത്രം മോറൽ, മുതലായ ജോലികൾ കൊണ്ടു കഴിയുന്നവരാണ് അവർ! മേൽപറഞ്ഞ ജോലികൾ അവർക്കു അവകാശപ്പെട്ടതാണെന്നാണ് ഞങ്ങൾ ധരിച്ചിട്ടുള്ളതു! അതുകൊണ്ട് അവർക്കില്ലെന്നു പറഞ്ഞു അവരെ കഷ്ടപ്പെടുത്തരുതു്. ഈ റസല്യൂഷൻകൊണ്ടു നായന്മാരെ കഷ്ടപ്പെടുത്തരുതെന്നേ അപേക്ഷയുള്ളു!

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ ഇതിനെ എതിർക്കുന്നു. അതിനുള്ള കാരണം ഇതിലെ അഭിപ്രായം പൂർത്തിയായിട്ടില്ലാത്തതുകൊണ്ടാണ്. അഭിപ്രായം പൂർത്തിയായ ഒരു പ്രമേയമായിരുന്നുവെങ്കിൽ ഞാൻ പിന്താങ്ങിയേനെ. അതായതു് മേലിൽ അഞ്ചു കൊല്ലത്തേക്കു് നായർക്കും ക്രിസ്ത്യാനിക്കും ഉദ്യോഗം കൊടുക്കരുതെന്നും ഇപ്പോൾ ഉദ്യോഗത്തിൽ ഉള്ളവരെയെല്ലാം ഉടൻ പിരിച്ചയക്കണമെന്നും അയിരുന്നാൽ ഞാനും പിൻതാ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങാമായിരുന്നു. അങ്ങനെ അല്ലാത്തതുകൊണ്ട് ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഈ പ്രമേയത്തെ ഞാനും എതിർക്കുന്നു. തെക്കെ ഉഴവ നിയോജകമണ്ഡലത്തിലെ പ്രതിനിധിയായ എന്റെ മാന്യ സ്നേഹിതന്റെ സ്ഥിതിയും അദ്ദേഹം പോലീസ് കമ്മീഷണറുടെ സ്ഥിതിയെ പറഞ്ഞുവിവരിച്ചതുപോലെ തന്നെ ആകുന്നു. കമ്മ്യണൽ സംഗതി വരുന്ന അവസരങ്ങളിൽ ഒഴിച്ച് എന്റെ മാന്യ സ്നേഹിതൻ വളരെ നല്ല ആളും നിഷ്പക്ഷപാതിയും മനഃസാക്ഷിക്കു ഒത്തു പ്രവർത്തിക്കുന്ന ആളും ആകുന്നു. കീഴുദ്യോഗസ്ഥന്മാരുടെ പേരിൽ കമ്മീഷണർ അകപ്പെടുന്നതു പോലെ തന്നെയാണ് എന്റെ മാന്യസ്നേഹിതൻ തന്റെ നിയോജകമണ്ഡലത്തിലെ ഏതാനും വോട്ടറന്മാരുടെ പിരടിൽ പെട്ട് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിനു് അദ്ദേഹത്തെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. "നിങ്ങളെ തിരഞ്ഞെടുത്തു കൌൺസിലിലേക്കു അയച്ചിട്ടു് ഒരു കാൺസ്റ്റബിളുദ്യോഗം കൂടി ഞങ്ങൾക്കു കിട്ടുന്നില്ലെങ്കിൽ നിങ്ങളെ എന്തിനു അവിടെ പോയിരിക്കുന്നു." എന്നു ചിലർ ചോദിക്കുന്ന അവസരത്തിൽ ഇങ്ങിനെ ഒരു പ്രമേയം അയയ്ക്കയല്ലാതെ പിന്നെ എന്തുനിവൃത്തിയാണുള്ളതു്? അതേ കാരണത്താൽ തന്നെ മറെറ ഈഴവ മെമ്പർക്കു് ഇതിനെ പിൻതാങ്ങാതിരിപ്പാനും നിവൃത്തി ഇല്ല. ഈ പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പു് കൂടുതൽ ഈഴവരെ എടുക്കാതിരിപ്പാനുള്ള കാരണങ്ങളും ചോദിച്ചറിഞ്ഞു് അതിൽ കമ്മിഷണർ വല്ല പക്ഷപാതവും കാണിച്ചിട്ടുണ്ടെന്നു തീർച്ചപ്പെട്ടശേഷം ഈ പ്രമേയം അവതരിപ്പിച്ചു എങ്കിൽ കായ്യ കാരണങ്ങളെ പറ്റി ആലോചിക്കാമായിരുന്നു. ഇപ്പോൾ ഈ പ്രമേയത്തിനു് യാതൊരു അടിസ്ഥാനവും ഇല്ല. കൂടുതൽ ഈഴവർ ചെന്നിരുന്ന എന്നോ അവർക്കു ബാക്കി ഉള്ളവരോടൊപ്പം യോഗ്യതകൊണ്ടു ഉണ്ടായിരുന്നു എന്നോ നമുക്കു് അറിവില്ല. ആ നിലക്കു് സവ്വും ഈഴവമയമാകണമെന്നു മാത്രമേ ഈ പ്രമേയത്തിനു് അർത്ഥം കല്പിക്കുവാൻ നിവൃത്തിയുള്ളൂ. ഇപ്പോൾ ഉള്ള സവ്വ ഉദ്യോഗസ്ഥന്മാരേയും പിരിച്ചു് ഈഴവരെ തുക്കണമെന്നു് ഒരു പ്രമേയമാണെങ്കിൽ അതോടുകൂടി ഈ വഴക്കു് തീരുമെന്നു വിചാരിച്ചെങ്കിലും അനുകൂലിക്കാമായിരുന്നു.

Mr. P. Nilakanta Menon.—Sir, I am afraid Government cannot accept this resolution. It will be unwise and unjust to lay down any such policy in the matter of recruitment to the Police. Unwise, I say, because it will impair the general efficiency of the force and lead to its demoralisation. It is also unjust to ignore the claims of the two most important communi-

LIBRARY ARCHIVES Kerala Legislative Assembly

ties of His Highness' subjects who alone had guaranteed a good supply of recruits in early days. Is it the fault of the Nayars and the Christians that the members of the other communities were not adequately represented in the Police Force? A hint is thrown out that the Nayars predominated because a Nayar was the Head of this Department. The allegation is quite unfounded. If you go back to the early days, it will be found that successive Superintendents of Police have been Europeans who were admittedly free from any communal bias. Nevertheless what do we find in their days? An examination of the list of recruitment in those days will show a preponderance of Nayars and Christians. The fact is that the Head of the Department, no matter what caste he is, is concerned chiefly with the selection of good recruits and only Nayars and Christians came forward in large numbers for enlistment. These two communities had supplied hitherto the largest number of recruits and it would be a piece of ingratitude to shut them out for five years.

I dare say it will be conceded by this House that it is the primary function of every civilised Government to have a strong and efficient police organisation for the administration of law and order, and that the general efficiency of the force will depend upon the knowledge and ability of every unit of that force. It therefore follows that efficiency will depend upon the type of recruit that we select. Recruitment is therefore one of the most important matters in the administration of a Police Force. There is a great difference between the recruitment to the Police Force and the recruitment of peons to the Anchal or Excise or any other department. The police service is not an easy one to recruit for. Though much of the ordinary work of a constable consists of the performance of a routine, at times, he will be called upon to exercise intelligence and discretion of a high order. It is, therefore, essential that we should have proper recruits and recruitment cannot be made on the basis of communal representation alone as far as the Police Department is concerned. By that I don't mean that no regard should be paid to communal representation at all. As a principle of recruitment, it must be held that it should be made on the basis of character, good physique and educational qualification. And the difficulty with regard to the candidates for the police has been throughout to obtain sufficient brains with brawn. If the resolution however is meant as a protest against the general policy of recruitment of police, so far as it refers to the unrepresented communities, the figures of the last few years will show that there is no reasonable justification for such complaints. During my time, I think I have taken about 100 and odd re-

LIBRARY ARCHIVES Kerala Legislative Assembly

cruits. Of these, 58 belong to the unrepresented communities. And at the last enlistment 23 men were selected. I shall give the details. I took 10 Nayars (four were School Finals and the rest are English knowing hands); 4 Christians (1 School Final and 3 Malayalam knowing hands); 3 Ezhuvas (1 School Ffnal and 2 Malayalam knowing hands); 3 Muhamadans (1 School Final and 2 Malayalam knowing hands); one Kudumichetty, Malayalam knowing hand; one Brahmin School Final and one Ezhuthassan Malayalam knowing hand.

From this it will be seen that, as far as possible, due consideration is paid to the communal representation, but in no civilised State, the restrictions contemplated in the resolution are resorted to. I would rather invite the Hon'ble Mover to come to my office onany enlistment day and I will satisfy him that the claims of the unrepresented communities are not ignored. On the other hand, all that is necessary to give due representation to all classes, regard being had to the circumstances necessitating restrictions for the proper working of the department, is being done now. In these circumstances, I submit, on grounds of justice, fairplay and efficiency, this resolution should be thrown out.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, ശവമ്മെൻറ ഭാഗത്തു നിന്നും പറഞ്ഞ സമാധാനങ്ങൾ ഇതിനു മുമ്പും ഇതുപോലെയുള്ള അവസരങ്ങളിൽ പറയാറുള്ളതായ പൊള്ളഞ്ഞ ന്യായങ്ങൾ തന്നെയാണു്. ഒന്നാമതായി എഫിഷ്യൻസി നോക്കണം എന്നാണു പറഞ്ഞതു്. എഫിഷ്യൻസി നോക്കണമെന്നു പറഞ്ഞാൽ ഏതെങ്കിലും ഒരു ക്ലിപ്തമായ പരീക്ഷായോഗ്യത വച്ചിട്ടു് അതനുസരിച്ചു് റിക്രൂട്ടു് ചെയ്യണം എന്നാണർത്ഥം. അങ്ങിനെ ചെയ്യുന്നതിനെ ആരും നിഷേധിക്കുന്നില്ല. കമ്മീഷണർ പറഞ്ഞ മറുപടിയിൽ നിന്നു വരുന്നതു് യോഗ്യത ചില സമുദായങ്ങൾക്കു മാത്രമേയുള്ളുവെന്നാണു്.

Mr. P. Nilakanta Menon.—I never said that.

മിസ്റ്റർ കെ. അയ്യപ്പൻ.—ശവമ്മെൻറ പറഞ്ഞ മറുപടിയുടെ അർത്ഥം അങ്ങിനെയാണു്. ഓരോ ഉദ്യോഗങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത ഇല്ലാത്ത ആളുകൾക്കു് ഉദ്യോഗം കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. ഒരു ക്ലിപ്ത യോഗ്യത നിശ്ചയിച്ചിട്ടു് ആ യോഗ്യതയുള്ള അപേക്ഷകന്മാർ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളിൽ നിന്നുള്ളപ്പോൾ മറു സമുദായങ്ങളിലെ അപേക്ഷകന്മാരെ നിയമിക്കാതാകണം. അങ്ങിനെ ചെയ്യാൽ സർവ്വീസിന്റെ എഫിഷ്യൻസിക്കു് ഒരു ഹാനിയും നേരിടുകയില്ല. മറുജാതിക്കാർ കമ്മീഷണർമാരായിരുന്നപ്പോഴും നായന്മാർക്കു പ്രാതിനിധ്യം അധികമായിരുന്നില്ലേ എന്നു കമ്മീഷണ

LIBRARY ARCHIVES Kerala Legislative Assembly

ർ ചോദിക്കയുണ്ടായി. കമ്മീഷണറും ദിവാൻജിയും മറ്റും ഏതു ജാതിക്കാരായാലും ഇവിടെ പ്രബലമായ സമുദായക്കാരുടെ കയ്യിൽതന്നെ കായ്ക്കളെല്ലാം ഇരിക്കുന്നതെന്നോ അതിൽ നിന്നു തെളിയുന്നുള്ളു.

മിസ്റ്റർ എം. കെ. രാമൻ.—വിദേശീയ ദിവാൻജി വന്നാലോ?

മിസ്റ്റർ കെ. അയ്യപ്പൻ.—ഏതു ദിവാൻജിമാരായാലും ശരി, പ്രാബല്യം ഒരു പ്രത്യേക സമുദായക്കാരുടെ കയ്യിൽ വന്നു കഴിഞ്ഞാൽ പിന്നെ അവർക്ക് ദിവാൻജിയേയും മറ്റും ഭയപ്പെടണമോ? ഇതിനെല്ലാം ശക്തി തന്നെയാണ് പ്രധാനമായിട്ടുള്ള ന്യായം. ശക്തിയുള്ള സമുദായക്കാർക്ക് വല്ല അവകാശവും കിട്ടിയിട്ടുണ്ടെങ്കിൽ ആ അവകാശത്തെ തുടർന്നു ഭരിയ്ക്കുന്നതിനുള്ള ശക്തി തന്നെയാണ് അതിനുള്ള ന്യായം എന്നല്ലാതെ മറ്റൊരു ന്യായവും അതിൽ കാണുന്നില്ല. സായ്വു് കമ്മീഷണറായിരുന്ന കാലത്തു പ്രാതിനിധ്യം കുറഞ്ഞവരിൽ നിന്നും ചിലർ പോലീസിൽ ഉണ്ടായിരുന്നു. സായ്വു് അല്ലായിരുന്നു എങ്കിൽ അന്നു അവരെ മഷിയിട്ടു നോക്കിയാൽ കാണുകയില്ലായിരുന്നു.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അക്കാലത്തു് ആരും ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പിലരെല്ലാം ഉണ്ടായിരുന്നതായി എനിയ്ക്കറിയാം. ഇല്ലെന്നു പറഞ്ഞാൽ ഞാൻ സമ്മതിയ്ക്കയില്ല. മുമ്പു് ഉദ്യോഗത്തിൽ ചേർന്നിട്ടുള്ള സമുദായക്കാർക്ക്, ഇപ്പോൾ ഉദ്യോഗം കൊടുക്കാതിരിക്കുന്നതു് ഇൻഗ്രാറ്റിറ്റ്യൂട്ട് ആണ പോലും! അവർ ഇങ്ങോട്ടു് ഗ്രാറ്റുഫൈ ആയിരിയ്ക്കേണ്ടതിനു പകരം നമ്മൾ അങ്ങോട്ടു് ഗ്രാറ്റുഫൈ ആയിരിക്കണമെന്നു പറയുന്നതു ശരിയാണോ? ഉദ്യോഗം ലോക സേവയാണെങ്കിൽ—അതാണതിന്റെ പരമാർത്ഥമെങ്കിൽ—ഇങ്ങിനെയുള്ള വഴക്കുകൾ ഇവിടെ സംഭവിയ്ക്കുമായിരുന്നുവോ? കമ്മീഷണർ അവർകൾ പറയുന്നതു കേട്ടാൽ അദ്ദേഹം ഒരു സർവ്വസംഗപരിത്യാഗിയാണോ എന്നു തോന്നിപ്പോകും. നേരെമറിച്ചു് നിങ്ങൾ ഇതു നാളും ഇരുന്നു സുഖിച്ചു. ഇനിയെങ്കിലും ഞങ്ങൾക്കു് ഒഴിഞ്ഞുതരണമെന്നാണ് ഞാൻ പറയുന്നതു്. ഇൻഗ്രാറ്റിറ്റ്യൂട്ട് എന്നും മറ്റും പറയുന്നതു് വെറും വാക്കുകൾ കൊണ്ടുള്ള കളി മാത്രമാണ്. ബ്രെയിനും ഫിസിക്കും അളന്നു നോക്കുന്നതു് കവടിവച്ചായിരിക്കരുതു്. പരീക്ഷായോഗ്യതകൊണ്ടും ടേപ്പു വച്ചുമായിരിക്കണം.

മിസ്റ്റർ എം. കെ. രാമൻ.—നായന്മാർ ഒക്കെ സാധാരണ കവടി വച്ചു നോക്കുന്നതു പതിവാണ്.

മിസ്റ്റർ കെ. അയ്യപ്പൻ.—പൊസ്റ്റിനു് ഇതു വലിപ്പമുണ്ടു്, നീളം ഇതയുണ്ടു് എന്നെല്ലാം ടേപ്പു വച്ചളക്കാതെ വെറുതെ കവ

LIBRARY ARCHIVES Kerala Legislative Assembly

ടി വാരിവച്ചു നോക്കുന്നതിൽ എന്താണു പ്രയോജനം? കമ്മീഷണർ പറഞ്ഞ മറുപടിയുള്ള സമാധാനങ്ങൾ ഇത്രമാത്രമേയുള്ളൂ.

ഇനി ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞിട്ടുള്ളതിനും കൂടി സമാധാനം പറയാം. കുറെ കാലം കഴിയുമ്പോൾ ക്രിസ്ത്യാനികളേയും, നായന്മാരേയും ഒഴിച്ചു് ബാക്കിയുള്ളവരുടെ കയ്യിൽ ആകും ഈ പോലീസ് ഡിപ്പാർട്ട്മെൻറ് ഏഴിവനും എന്നു് പഴയ പോലീസ് കമ്മീഷണർ ഭയപ്പെടുന്നു. ഞാൻ പറയുന്നതു് ഒരു കൊച്ചുതെയ്ക്കു് നടത്തുന്ന നിയമനം ഇങ്ങിനെ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളിൽ നിന്നാണെങ്കിൽ ഒടുവിൽ കണക്കു കൂട്ടി നോക്കുമ്പോൾ അഥവാ അങ്ങിനെ വന്നാൽ തന്നെ എന്താണു ദോഷം? വളരെ നാളായി നായന്മാരും ക്രിസ്ത്യാനികളും ഈ ഉദ്യോഗങ്ങൾ അവരുടെ കയ്യിൽ വച്ചുകൊണ്ടിരുന്നില്ലേ? ഇനി ബാക്കിയുള്ള അഞ്ചോ പത്തോ സമുദായക്കാർ കൂടി വച്ചു കൊണ്ടിരുന്നാൽ എന്താണു ഭയം തോന്നാനുള്ളതു്. അക്കും ഇതു ഭയങ്കരമായിട്ടു തോന്നുമെന്നു ഞാൻ വിചാരിക്കുന്നില്ല. കമ്മ്യണൽ പ്രിഫറൻസു തന്നെയെന്നു കാട്ടൂർ മെമ്പർ പറഞ്ഞു. കമ്മ്യണൽ പ്രിഫറൻസു നമ്മെ നടപ്പിലാരിക്കുന്ന ഘട്ടത്തിലാണു് 1090-ൽ നമ്പൂതിരി നായന്മാർക്കു മാത്രം കിട്ടിയതു്. ഈ നിശ്ചയം പോലീസ് കമ്മീഷണരവർകൾ പറഞ്ഞതുപോലെ ഒരു പ്രൊട്ടെസ്റ്റ് മാത്രമാണു്.

പിന്നെ ഒരു മെമ്പർ പറഞ്ഞതു് ഇതിനു കുറച്ചു കൂടി ടേസ്റ്റ് വേണമെന്നാണു്. ഇതിൽ ടെസ്റ്റിനു കുഴപ്പമൊന്നുമില്ല. പക്ഷെ ഞാൻ പറയുന്നതു് കുറെ അന്യായമാണെന്നോ മണ്ടത്തരമായിരിക്കാം. ഇതു ന്യായമാണോ അന്യായമാണോ എന്നു കണക്കു കൂട്ടിയാണു നോക്കേണ്ടതു്. ഇതുയും നിങ്ങൾ കുറെ അധികം സുഖമനുഭവിച്ചവരാണു്. ഇനി നിങ്ങൾ ഒന്നു മാറുക, ഞങ്ങളും കൂടി കുറെ സുഖം അനുഭവിച്ചു നോക്കട്ടെ എന്നു പറയുന്നതു് ഒരിക്കലും അന്യായമല്ല.

മിസ്റ്റർ പി. കുഞ്ഞുമേനോൻ.—ശ്രീപത്തെ പറ്റിയാണു് അദ്ദേഹം പറഞ്ഞതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അതു് അത്ര കായ്ക്കുമായിട്ടുണ്ടാക്കേണ്ട ആവശ്യം ഒന്നുമില്ല.

എന്നിരുന്നാലും ഈ സംഗതിയെ കുറിച്ചു് ഇതിൽ കൂടുതലായി ഒന്നും പറയുവാനില്ല. അതിനാൽ ഈ പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാർക്കു പോലീസ് ഡിപ്പാർട്ട്മെൻറിൽ മാത്രമല്ല, മറ്റെല്ലാ ഡിപ്പാർട്ട്മെൻറുകളിലും പ്രവേശനം കൊടുക്കണമെന്നപേക്ഷിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. ഇതുയും പറഞ്ഞുകൊണ്ടു് ഈ പ്രമേയം പിൻവലിയ്ക്കുവാൻ ഞാനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution was, with leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan.—Sir, under S. O. 26, I move that the business of the House be adjourned.

Dr. A. R. Menon.—I second it.

Motion put and carried.

Prorogation of the Council

Deputy President.—Hon'ble Members, I congratulate you all for the way in which we have finished our work. To-day is the last day of the Second Legislative Session of the Third Council. I offer my sincere thanks to you all for the co-operation rendered to the Chair to bring the meetings to a peaceful and dignified manner. The anxiety of the Members to go home is well seen. So, with these few words, I prorogue this Second Legislative Session of the Third Council.

The House rose for the day at 4-5 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly